(സി) കാലാവധി കഴിയാത്തതടക്കമുള്ള മരുന്നുകൾ നശിപ്പിക്കാൻ ഉണ്ടായ കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) ഇതുമൂലം ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം കണക്കാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ബാധകമല്ല.

(ഡി) സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല.

വ്യാജ മരുന്നുകളുടെ വിപണനം

22 (*802) ശ്രീ. പി. തിലോത്തമൻ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വ്യാജവും ഗുണമേന്മയില്ലാത്തതുമായ മരുന്നുകളുടെ വിപണനം തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മരുന്നുകളുടെ പരിശോധന യഥാസമയം നടത്തുന്നതിനാവശ്യമായ സംവിധാനങ്ങളില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തുനടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) പരിശോധനക്കായി മരുന്നുകൾ കെട്ടിക്കിടക്കുന്നുണ്ടോ ; എങ്കിൽ മൊത്തം എത്ര മരുന്ന് സാമ്പിളുകൾ കെട്ടിക്കിടക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഡ്രഗ്സ്, ഇൻസ്പെക്ടർമാർ സംസ്ഥാനത്തെ മെഡിക്കൽ ഷോപ്പുകൾ, ആശുപത്രികൾ, ഔഷധ മൊത്തവിതരണ സ്ഥാപനം എന്നിവിടങ്ങളിൽ പരിശോധന

LIBRARY ARCHIVES Kerala Legislative Assembly

നടത്തുമ്പോൾ മരുന്നുകളുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കെടുക്കുകയും പ്രസ്തുത മരുന്നുകൾ പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. പരിശോധനയിൽ നിശ്ചിത ഗുണനിലവാരം പുലർത്താത്ത മരുന്നുകളുടെ വിൽപ്പന സംസ്ഥാനത്ത് ഡ്രഗ്സ് ഇൻസ്പെക്ടർമാർ യുദ്ധകാലാടിസ്ഥാനത്തിൽ തടയാറുണ്ട്. ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിക്കുന്ന മരുന്നുകളുടെ വിവരം വെബ്സൈറ്റ് വഴിയും എസ്.എം.എസ്. വഴിയും ഫാർമസിസ്റ്റ്, ഡോക്ടർമാർ, മെഡിക്കൽ ഷോപ്പുടമകൾ എന്നിവരെ അറിയിക്കാറുണ്ട്. പരാതിയുടെ അടിസ്ഥാനത്തിലും ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്ന് പരിശോധനയ്ക്കെടുക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽ ഏകദേശം 2400 സാമ്പിളുകൾ പരിശോധിക്കാനായി ബാക്കിയുണ്ട്. എറണാകുളത്ത് പുതിയതായി റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആയതിനാൽ ബാക്കിയുള്ള സാമ്പിളുകളുടെ പരിശോധന വേഗത്തിൽ പൂർത്തിയാക്കുന്നതിന് സാധിക്കും.

വാട്ടർ കണക്ഷനുള്ള അപേക്ഷാ നടപടികൾ

23 (*803) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വാട്ടർ അതോറിറ്റിയിൽ വാട്ടർ കണക്ഷനുള്ള അപേക്ഷാനടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതുമൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly